ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, പത്തനംതിട്ട ജില്ലയിൽ 36 ആയുർവേദ ഡിസ്പെൻസറികളും 50 കിടക്കകളുള്ള ഒരു ജില്ലാ ആശുപത്രിയും 20 കിടക്കകളുള്ള ഒരു ആശുപത്രിയും 10 കിടക്കകളുള്ള മൂന്ന് അശുപത്രികളും ഉൾപ്പെടെ 41 ആയുർവേദ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. റാന്നി താലൂക്കിൽ അങ്ങാടി നോർത്ത് പഞ്ചായത്തിൽ 10 കിടക്കകളുള്ള ഒരു ആശുപത്രിയും അങ്ങാടി പഞ്ചായത്തിൽ ഒരു ഡിസ്പെൻസറിയും പെരിനാട് പഞ്ചായത്തിൽ മറ്റൊരു ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. ശബരിമല തീർത്ഥാടകരുടെ ബാഹുല്യം കണക്കിലെടുത്ത് സന്നിധാനം, പമ്പ, എരുമേലി എന്നീ സ്ഥലങ്ങളിൽ എല്ലാ ക്രമീകരണങ്ങളോടും കൂടി വിപുലമായ തോതിൽ നാട്ടു ചികിത്സാ വകുപ്പിന്റെ കീഴിൽ താൽക്കാലിക ആയുർവേദ സ്ഥാപനങ്ങളും സുസജ്ജമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ റാന്നി ആയുർവേദ ഡിസ്പെൻസറി താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല എന്ന് ഖേദപൂർവ്വം അറിയിക്കുന്നു.

### (5) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ ജീവനക്കാരുടെ പ്രശ്നം ഞാൻ കഴിഞ്ഞ സഭയിലും അവതരിപ്പിച്ചു. നിർഭാഗ്യകരമെന്നു പറയട്ടെ ഈ സഭയിലും അവതരിപ്പിക്കേണ്ടിവന്നു. ഇന്ന് സെക്രട്ടേറിയറ്റിന്റെ മുമ്പിലും അതുപോലെ എല്ലാ റീജിയണൽ ഓഫീസിന്റെ മുമ്പിലും ആ ജീവനക്കാർ സമരം നടത്തുകയാണ്. ഞാൻ ആ യൂണിയന്റെ പ്രസിഡന്റാണ്. അവരുന്നയിച്ച ആവശ്യങ്ങളിൽ ബോണസ്സിന്റെ ഡിസ്ക്ഷൻ നടത്തുന്ന സന്ദർഭത്തിൽ, തെരഞ്ഞെടുപ്പിന്റെ വേളയായിരുന്നു. അതുകൊണ്ട് തൽക്കാലം ഒരു തീരുമാനം ഉണ്ടാകുകയും ബാക്കി കാര്യങ്ങൾ മന്ത്രികൂടി വന്നതിനുശേഷം ഇൻസെന്റീവ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യാം എന്നുമാണ്. മറുഭാഗത്തെ യൂണിയന്റെ പ്രസിഡന്റ് ശ്രീ. സി. ബി.സി. വാര്യരാണ്. അദ്ദേഹവും അത് അംഗീകരിക്കുന്നുണ്ട്. അവരും ഇക്കാര്യത്തിൽ സമരം ചെയ്യുന്നു. ഇപ്പോൾ മാനേജ്മെന്റ് പറയുന്നത് യൂണിയൻസ് അന്നു പറഞ്ഞതിന്റെ ഘടകവിരുദ്ധമായി അത് ഫുൾ ആന്റ് ഫൈനൽ സെറ്റിൽമെന്റ് എന്നാണ്. അങ്ങനെ ഒരു ഫുൾ ആന്റ് ഫൈനൽ സെറ്റിൽമെന്റ് ഉണ്ടാകുകയാണെങ്കിൽ അത് പബ്ലിക് അണ്ടർടേക്കിംഗ് ആണെങ്കിലും അതിനൊരു എഗ്രിമെന്റ് ഉണ്ടാകും, ആ ഒരു എഗ്രിമെന്റ് ഇവിടെ കാണിക്കാൻ ബഹു. മന്ത്രിക്ക് സാദ്ധ്യമല്ല. ഫുൾ ആന്റ് ഫൈനൽ സെറ്റിൽമെന്റ് ഇല്ല. അങ്ങനെ ഒരു എഗ്രിമെന്റ് ഉണ്ടായിട്ടില്ലയെന്ന് പറഞ്ഞാൽ വ്യത്യസ്തമായി നാടൻ മുതലാളിമാർ 18-ാം നൂറ്റാണ്ടിൽ ചെയ്തിരുന്നതുപോലെയാണ് ഇവിടത്തെ പബ്ലിക് അണ്ടർടേക്കിംഗ്സ് ചെയ്യുന്നത്. ഇത് വളരെ നിർഭാഗ്യകരമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. 18-ാം നൂറ്റാണ്ടിലെ മുതലാളിമാരുടെ അടവാണ് ജീവനക്കാരോട് ഈ സർക്കാർ അവലംബിക്കുന്നത്. പറഞ്ഞ വാക്കുകൾ വരെ കാറ്റിൽ പറത്തുന്ന സ്ഥിതിവിശേഷമാണ്. ഞാൻ മാത്രമല്ല, ആ കോൺഫറൻസിൽ ചേർന്ന ആളുകളെല്ലാം അതിൽ സാക്ഷികളാണ്. അവിടെ നാല് സംഘങ്ങളുണ്ട്. അവരെല്ലാം ഇത് അംഗീകരിക്കുന്നു. സി.ബി.സി. വാര്യർ സമരം ചെയ്യണമെങ്കിൽ എവിടെയെത്തും ബഹുമാനപ്പെട്ട മന്ത്രി, ഞാൻ അങ്ങയോട് ചോദിക്കട്ടെ. പറഞ്ഞ വാക്കുകൾക്ക് യാതൊരു സ്ഥിരതയുമില്ലാത്ത ഒരു മാനേജ്മെന്റ്. ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഫിനാൻഷ്യൽ എന്റർപ്രൈസസ്. കേവലം 50 ലക്ഷം മാത്രം മുതൽമുടക്കുള്ള കമ്പനി സർക്കാരിലേയ്ക്ക് അഞ്ചും ആറും കോടി ഉറുപ്പിക സർചാർജ്ജായും ഡിവിഡന്റായും നൽകുന്നു. ആ കമ്പനിയെ പീഡിപ്പിക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഈ മാനേജ്മെന്റ് ചെയ്യുന്നത്. ജീവനക്കാരെ എല്ലാ നിലയിലും പീഡിപ്പിക്കുകയാണ് ഈ മാനേജ്മെന്റ് ചെയ്യുന്നത്. അവർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞു, ആ പെൻഷൻ പദ്ധതിയെക്കുറിച്ച് എത്ര പ്രാവശ്യം ആവശ്യപ്പെട്ടു. അവർക്ക് വാഗ്ദാനം ചെയ്ത ഇൻസെന്റീവ് നൽകിയില്ല; പെൻഷൻ പദ്ധതിയെക്കുറിച്ച് ചർച്ചചെയ്യാൻ പോലും തയ്യാറായിട്ടില്ല. പ്യൂൺസിന് പ്രൊമോഷൻ അവിടത്തെ ചട്ടപ്രകാരം കിട്ടേണ്ടതാണ്. അതു വരെ താമസിപ്പിച്ചു. അത് താമസിപ്പിച്ച സമര നോട്ടീസ് കൊടുത്ത് ഞാൻ ഈ സബ്മിഷൻ തന്നതിന്റെ ശേഷം അതിന്റെ മൂന്നാം ദിവസം മാത്രമാണ് ഓർഡർ ആക്കിയത്. അത് ഇപ്പോൾ നൽകി. ഇതുപോലെ നിരവധി കാര്യങ്ങൾ. ഞാൻ ഒരു കാര്യമേ പറയുന്നുള്ളൂ. അവിടത്തെ ജീവനക്കാരൻ കഠിനാദ്ധ്വാനം ചെയ്യുന്നു, ഓവർ ടൈം വർക്ക് ചെയ്യുന്നു. നിയമപ്രകാരം ആ ജീവനക്കാരന് ഓവർടൈം അലവൻസ് കിട്ടേണ്ടതാണ്. പക്ഷേ ഇന്നുവരെ ആ ജീവനക്കാരൻ ചോദിച്ചിട്ടില്ല, ഓവർടൈം അലവൻസ്, നിയമപ്രകാരം ഐ.ഡി. ആക്ട് അനുസരിച്ച് കിട്ടേണ്ട ആനുകൂല്യങ്ങൾ പോലും, ആവശ്യപ്പെടാതെ ആ സ്ഥാപനത്തിന് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന ആ ജീവനക്കാരന്റെ ഡിമാന്റുകൾ അംഗീകരിക്കപ്പെടുന്നില്ല. രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടല്ലേ അങ്ങയുടെ ഉദ്യോഗസ്ഥന്മാർ അവിടെ ട്രാൻസ്ഫർ നടത്തുന്നത്? ഒരു ട്രാൻസ്ഫർ നോംസ് ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ട് അങ്ങ് തയ്യാറായോ? അങ്ങയുടെ മാനേജ്മെന്റ് തയ്യാറായോ? ഇതുപോലെ ആ സ്ഥാപനത്തെ തകർക്കുന്ന ഈ നടപടി അവസാനിപ്പിക്കണം. ഇൻസെന്റീവ് അടിയന്തിരമായി അനുവദിക്കണം, ബാക്കിയുള്ള ഡിമാന്റുകൾ അംഗീകരിക്കണം എന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ഉഭയകക്ഷി ചർച്ചകളിലൂടെ പരിഹരിച്ച് സമാധാനപരമായ അന്തരീക്ഷത്തിലാണ് സ്ഥാപനം നടന്നുവരുന്നത്. ജീവനക്കാരുടെയും, ഓഫീസർമാരുടെയും വിവിധ സംഘടനകളിൽനിന്നും ലഭിച്ച നിവേദനങ്ങളിലെ ആവശ്യങ്ങളെ സംബന്ധിച്ച് 17-03-2000-ത്തിന് യൂണിയൻ പ്രതിനിധികളുമായി മാനേജ്മെന്റ് ചർച്ച നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉഭയകക്ഷി ചർച്ചയിലൂടെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് തൃപ്തികരമായ പരിഹാരം 17-03-2000-ത്തിന് കാണാനാവുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇൻസെന്റീവ് ബോണസിന് പുറമേയുള്ള ആനുകൂല്യമായ പത്തു ശതമാനമാണോ, അഥവാ കഴിഞ്ഞ വർഷം ലഭിച്ച തുകയോ ഏതാണോ അധികം ആ തുക നൽകികഴിഞ്ഞു. ഇത് ചർച്ചയിലൂടെ എടുത്ത തീരുമാനമാണ്. ഇത് വർദ്ധിപ്പിക്കണമെന്നാണ് ഇപ്പോഴത്തെ ആവശ്യങ്ങളിൽ ഒന്ന്. ഇപ്പോൾ പി.എഫ്. സ്കീമിന്റെ പരിധി ഇതാണ്. പി.എഫ്. കമ്മിഷണറുടെ അനുവാദത്തോടെ മാത്രമേ എംപ്ലോയ്മെന്റ് പെൻഷൻ സ്കീം ബാധകമായവരുടെയൊക്കെ പെൻഷൻ നടപ്പാക്കാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച് ജീവനക്കാരുടെയും, മാനേജ്മെന്റിന്റെയും പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി പഠിച്ചുവരികയാണ്. ഈ കമ്മിറ്റിയിൽ എല്ലാ സംഘടനകളുടെയും പ്രതിനിധികളുണ്ട്. ഇങ്ങനെ ഒരു ചർച്ചയ്ക്ക് മാനേജ്മെന്റ് ക്ഷണിച്ചിട്ടുള്ള അവസരത്തിൽ അത് നടക്കുമെന്നാണ്. എന്തുവന്നാലും നല്ല തൊഴിൽബന്ധം ആ സ്ഥാപനത്തിൽ ഉണ്ടാകണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുവേണ്ടി കൂടിയാലോചനയ്ക്കും ചർച്ചയ്ക്കും ഒക്കെ മിനിസ്റ്റീരിയൽ ലെവൽവരെ ഞാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly